**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
അമ്പലവയൽ, വയനാട് – 673 593
കേരള കാർഷിക സർവകലാശാല
മൊബൈൽ: 9188224421, ഫോൺ: 04936 260421/260561
ഇ മെയിൽ: rarsamb@kau.in / adramb@kau.in

നമ്പർ. E.4625/2024 തീയതി. 18.11.2024

## ടെൻഡർ നോട്ടീസ്

അമ്പലവയൽ പ്രാദേശിക ഗവേഷണ കേന്ദ്രത്തിലെ ഫാമിലെ വിവിധ ആവശ്യങ്ങൾക്കായി ഡ്രൈവർ ഉൾപ്പെടെ ട്രെയിലറോട്ടു കൂടിയ ട്രാക്ടർ വാടകയ്ക്ക് നൽകുവാൻ താൽപര്യമുള്ള വ്യക്തികളിൽ /സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഇ. 4625/2024 |
| ടെൻഡറുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും | 30.11.2024, .12 Pm |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും, സമയവും | 30.11.2024, 12.30 Pm |
| നിരത ദ്രവ്യം (EMD) | **2000/- രൂപ** |
| ടെൻഡർ കാലാവധി | **ഒരു വർഷം** |
| ടെൻഡർ വില | **472/ (400+ ജി.എസ്.റ്റി 18%)** |
| ടെൻഡർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും | അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അമ്പലവയൽ, വയനാട്, പിൻകോഡ്-673 593 |
| പുറത്തെഴുത്ത്: **ട്രാക്ടർ വാടകയ്ക്ക് ഡ്രൈവർ സഹിതം വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ** | |

1. **ട്രാക്ടർ** ഉപയോഗിച്ച് ഫാമിനകത്ത് ജോലി ചെയ്യുന്നതിന് ഒരു ദിവസത്തേക്കുള്ള മിനിമം വാടകയാണ് ടെൻഡറിൽ കാണിക്കേണ്ടത്. (ഇതിൽ ഡ്രൈവറുടെ കൂലി, ഇന്ധനം, റിപ്പയർ, ടാക്സ് മുതലായവ ടെൻഡർ ലഭിക്കുന്ന വ്യക്തി വഹിക്കേണ്ടതാണ്)
2. www.kau.in/tenders കെ.എ.യു വെബ്സൈറ്റിൽ നിന്നുമെടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം.
3. ടെൻഡറിനോടൊപ്പം കരാറുകാരൻ തന്റെ പേരിലെടുത്ത 200/- രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് ഒപ്പിട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. ടി എഗ്രിമെന്റ് മാതൃക മേൽ പറഞ്ഞ വെബ്സൈറ്റിൽ ലഭ്യമാണ് .
4. മുദ്രവെച്ച കവറിൽ **"ട്രാക്ടർ ഡ്രൈവർ സഹിതം വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡർ"** എന്നെഴുതി അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്, അമ്പലവയൽ എന്ന

RP

വിലാസത്തിൽ 30.11.2024 തീയ്യതി ഉച്ചയ്ക്ക് 12 PM മണിയ്ക്ക് മുൻപായി ഈ സ്ഥാപനത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ ടെൻഡർ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. അന്നേദിവസം തന്നെ 12.30 ന് ആ സമയത്ത് ഹാജരായ കരാറുകാരുടെ സാന്നിധ്യത്തിൽ ടെൻഡർ തുറന്ന് പരിശോധിക്കുന്നതാണ്.

5. ടെൻഡർ ഫോമിന്റെ വില ജി.എസ്.ടി ഉൾപ്പെടെ 472/- രൂപ, നിരതദ്രവ്യം 2000/- രൂപ എന്നിവ ഓഫീസിൽ നേരിട്ട് അടയ്ക്കുകയോ അല്ലെങ്കിൽ അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്, അമ്പലവയൽ എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊളഗപ്പാറ ബ്രാഞ്ചിൽ മാറാവുന്ന രണ്ട് വ്യത്യസ്ത ഡിമാന്റ് ഡ്രാഫ്റ്റുകളായി ടെൻഡറിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്.

6. ടെൻഡറിനോടൊപ്പം 2000/- രൂപയുടെ നിരതദ്രവ്യം 472/- രൂപയുടെ ടെൻഡർ കോസ്റ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്. കൃത്യസമയത്ത് കിട്ടിയ ടെൻഡറുകൾ അന്നേ ദിവസം തന്നെ തുറക്കുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ഇപ്രകാരം ടെൻഡർ ഏറ്റെടുക്കുന്ന ആൾ ടെൻഡർ തുകയുടെ 3% സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.

7. ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽ കൂടി അവസരം ലഭിക്കുന്നതിന് അപ്പോൾ ഹാജരുള്ള ടെൻഡറുകാരെ മാത്രം ഉൾപ്പെടുത്തി അന്നേ ദിവസം ആവശ്യമെങ്കിൽ ലേലം നടത്തുന്നതാണ്. ടെൻഡർ തുകയോ ലേലമോ ഏതാണോ കുറവ് എന്ന് നോക്കി തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്.

8. ടെൻഡർ സമർപ്പിക്കുന്ന വ്യക്തി /സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ടെൻഡറിനോടൊപ്പം സമർപ്പിക്കണം. കൂടാതെ വാടകയ്ക്ക് നൽകുവാനുദ്ദേശിക്കുന്ന ട്രാക്ടറിന്റെ രജിസ്ട്രേഷൻ, ഇൻഷുറൻസ് അനുബന്ധ രേഖകളുടെ പകർപ്പ് ടെൻഡറിനൊപ്പം ഹാജരാക്കിയിരിക്കണം.

9. വിജയിയായ ടെൻഡറുകാരൻ ഫാമിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ജോലി ആരംഭിക്കേണ്ടതും, സമയബന്ധിതമായി ഫാമിലെ ഉദ്യോഗസ്ഥർ നിഷ്കർഷിക്കുന്ന ജോലികൾ ഫാമിലെ മറ്റു വസ്തുവകകൾക്കൊന്നും നഷ്ടം സംഭവിക്കാതെ ചെയ്തു തീർക്കേണ്ടതുമാണ്.

10. ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി ഒരേ സമയം ഒന്നിൽ കൂടുതൽ വാഹനങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കേണ്ടതാണ്.

11. ട്രാക്ടർ ഓടിക്കുവാൻ ഏൽപ്പിക്കുന്ന ഡ്രൈവറുടെ പേര് മേൽ വിലാസം തിരിച്ചറിയൽ രേഖ, ഡ്രൈവിങ് ലൈസൻസ് പകർപ്പ് എന്നിവ കരാർ ഉറപ്പിച്ചു നൽകിയതിനുശേഷം കരാറുകാരൻ ഈ ഓഫീസിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്.

RP

12. ടെൻഡറുകൾ സ്വീകരിക്കുന്നതിനോ, കാരണം വ്യക്തമാക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

13. ജോലിയ്ക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ, മറ്റ് നിയമ വ്യവസ്ഥകൾ മുതലായവ പാലിക്കാനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന്റേതു മാത്രമായിരിക്കും. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.

14. സർക്കാരിന്റെ ടെൻഡറിന്റെ പ്രസക്തമായ എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.

15. ടെൻഡർ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം 11 മണി വരെ ടെൻഡർ സ്വീകരിക്കുന്നതും തുറന്ന് പരിശോധിക്കുന്നതും ആണ്.

16. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.

17. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

21/11/24

ഡോ. സി.കെ യാമിനി വർമ്മ
അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്,
കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ

Associate Director of Research
Regional Agricultural Research Station
Ambalavayal
Wayanad Dist. - 673 593

REGIONAL AGRICULTURAL RESEARCH STATION, AMBALAVAYAL, WAYANAD, PIN-673593, KERALA AGRICULTURAL UNIVERSITY

പകർപ്പ്:

1. കെ.എ.യു വെബ് സൈറ്റ്
2. നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
3. പഞ്ചായത്ത് ഓഫീസ്, അമ്പലവയൽ
4. കൃഷി ഭവൻ, അമ്പലവയൽ
5. വില്ലേജ് ഓഫീസ്, അമ്പലവയൽ
6. ഫാം സൂപ്രണ്ട്/ഫാം ഇൻ ചാർജ്ജ്

RP